Draft #4 of File 4009/AD A1/1/2019/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 18-Feb-2019 01:26 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

**ജീവനക്കാര്യം - മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 22.02.2019-ൽ നടത്തുന്ന ഫയൽ അദാലത്ത് - സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരടങ്ങുന്ന നിർവ്വാഹക സമിതി രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 630/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2019

പരാമർശം:-1. പരിപത്രം നം. 4009/AD AI/1/AD AI/AD AI തീയതി 05.02.2019
2. 16.02.2019-ലെ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ കുറിപ്പ് നം. വി.സി.702/02/012/2019.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സർവ്വകലാശാലയിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രി പങ്കെടുക്കുന്ന, വിദ്യാർത്ഥി- അദ്ധ്യാപക- പ്രിൻസിപ്പൽ- മാനേജർമാരുടെ, പരാതി പരിഹാര അദാലത്ത് 22.02.2019-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി അദാലത്തുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരടങ്ങുന്ന ഒരു നിർവ്വാഹക സമിതി രൂപീകരിക്കുന്നതിനും, അദാലത്ത് നടക്കുന്ന 22.02.2019-നും അതിൻറെ തലേദിവസം നടക്കുന്ന പരാതി പരിഗണന മീറ്റിംഗിലും, പ്രസ്തുത നിർവ്വാഹക സമിതിയ്ക്ക് സിൻഡിക്കേറ്റിൻറെ അധികാരങ്ങൾ നൽകുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3.10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

നിർവ്വാഹക സമിതി:

| ക്രമ നം. | പേര് | സിൻഡിക്കേറ്റ് ഉപസമിതി |
|---|---|---|
| 1. | അഡ്വ. പി. കെ. ഹരികുമാർ | സ്റ്റാഫ് |
| 2. | പ്രൊഫ. ടോമിച്ചൻ ജോസഫ് | അഫിലിയേഷൻ |
| 3. | ഡോ. പി. കെ. പത്മകുമാർ | അപ്രൂവൽ |
| 4. | ഡോ. ആർ. പ്രഗാഷ് | പരീക്ഷ |
| 5. | പ്രൊഫ. വി. എസ്. പ്രവീൺ കുമാർ | ബിസിനസ് |
| 6. | ഡോ. കെ. ജയചന്ദ്രൻ | ധനകാര്യം |
| 7. | ഡോ. എസ്. സുജാത | റിസർച്ച് & ഡെവലപ്മെന്റ് |
| 8. | ഡോ. എ. ജോസ് | നിയമകാര്യം |
| 9. | ഡോ. എം. എസ്. മുരളി | സ്റ്റുഡന്റ്സ് ഡിസിപ്ലിൻ വെൽഫെയർ & ഗ്രീവൻസ് |
| 10. | ഡോ. കെ. കൃഷ്ണദാസ് | പ്ലാനിംഗ് & ഡെവലപ്മെന്റ് |
| 11. | ഡോ. അജി സി.പണിക്കർ | അക്കാദമിക് അഫയേഴ്സ് |

കൂടാതെ, അദാലത്തിൽ എടുക്കുന്ന തീരുമാനങ്ങളിന്മേൽ അടുത്ത ദിവസം തന്നെ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും, അദാലത്തിൽ പങ്കെടുക്കുവാൻ എത്തുന്ന വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും വേണ്ട സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണെന്നും വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ശ്രീരാജ് ആർ**

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. നിർവ്വാഹക സമിതിയിലെയും ,ഫയൽ അദാലത്ത്സെല്ലിലെയും പ്രോഗ്രാം ഓർഗനൈസിംഗ് കമ്മിറ്റിയിലെയും അംഗങ്ങൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ ധനകാര്യം/പരീക്ഷ/അക്കാദമികം)
5. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവകലാശാല
6. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ /ഐ.ക്യു.എ.സി./
7. റെക്കോർഡ്സ് സെക്ഷൻ /സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 4009/AD A1/1/2019/AD A 1 Approved by DEPUTY REGISTRAR I ADMINISTRATION on 18-Feb-2019 01:26 PM - Page 2